## 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6686 09/07/2014 - ൽ മറുപടിയ്ക്ക്

## ആദിവാസി ക്ഷേമത്തിന് അനുവദിക്കുന്ന ഫണ്ടുകളുടെ വകമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി. റ്റി. എ. റഹീം | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതി തുകകൾ ഭൂരിഭാഗവും മറ്റ് മേഖലയിലുള്ളവർ ചൂഷണം ചെയ്യുകയാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പോഷകാഹാര വിതരണത്തിലുള്ള വീഴ്ചയും ആരോഗ്യപരിപാലനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിന് സാധിക്കാത്തതും ശിശുമരണങ്ങൾക്കും മാരകരോഗങ്ങൾ പടരുന്നതിനും കാരണമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിയാത്മകമായ ഇടപെടലിലൂടെ വിവിധ വകുപ്പുകളുടെ ഏകോപനവും കാര്യക്ഷമമായ പ്രവർത്തനങ്ങളും ഉറപ്പ് വരുത്തുന്നുണ്ട്. |

| | |
|---|---|
| (സി) ആദിവാസികളുടെ ക്ഷേമത്തിനനുവദിക്കുന്ന ഫണ്ടുകൾ പ്രസ്തുത വിഭാഗത്തിന് തന്നെ ഉപയുക്തമാകുന്നു എന്നുറപ്പുവരുത്താൻ എന്തെങ്കിലും ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) ആദിവാസികളുടെ ക്ഷേമത്തിനായി അനുവദിക്കുന്ന തുകകൾ അവരുടെ ക്ഷേമത്തിനായി തന്നെയാണ് വിനിയോഗിക്കുന്നത്. ഇത് ഉറപ്പുവരുത്തുന്നതിന് വകുപ്പുതല പരിശോധനയും സർക്കാർതല പരിശോധനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ